ആർ.ബി.ഐ/2004/227
യൂ.ബി.ഡി. നമ്പർ യു.ബി.ഡി.
സി.പി.ഡി.പി.സി.ബി. അറിയിപ്പ്
48/09-161-00/2003-04

29 മെയ് 2004

എല്ലാ പ്രാഥമിക (നാഗരിക) സഹകരണ ബാങ്കുകളുടെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്

**''നിങ്ങളുടെ ഇടപാടുകാരനെ അറിയുക'' മാർഗ്ഗരേഖകൾ പാലിക്കുന്നതിന്.**

2002 സെപ്റ്റംബർ 18-ാം തീയതിയുള്ള ഞങ്ങളുടെ അറിയിപ്പ് യു.ബി.ഡി നമ്പർ ഡി.എസ്.പി.സി.ബി. സർ 17/13-01-00/2002-03 ദയവായി നോക്കുക. പുതിയ അക്കൗണ്ടു തുടങ്ങുമ്പോൾ സഹകരണ നാഗരിക ബാങ്കുകൾ സ്വീകരിക്കേണ്ട നിങ്ങലുടെ ഇടപാടുകാരനെ അറിയുക ധാരാളം കാര്യങ്ങളും വ്യക്തിപരമായ കൂടുതൽ വിവര ങ്ങളും യൂ.സി.ബി.എസ്. ശേഖരിച്ചിട്ടുണ്ട്.

1. എസ്.എസ്. താരിപൂർ അദ്ധ്യക്ഷനായുള്ള പൊതു സേവനങ്ങളുടെ നടപടി ക്രമങ്ങളുടേയും പ്രകടനത്തിന്റേയും ഓഡിറ്റിനായുള്ള സമിതിയിൽ അദ്ദേഹം അഭി പ്രായപ്പെട്ടത് ഇടപാടുകാരനിൽ നിന്നു ശേഖരിച്ച വിവരങ്ങൾ, ബാങ്കുകളുടെ വിവിധ ഉല്പന്നങ്ങളുടെ വിപണനത്തിന് ഉപയോഗിക്കാമെന്നാണ്. മറ്റ് ഏജൻസികൾക്കും അതു നൽകാം. അക്കൗണ്ടു തുടങ്ങുമ്പോൾ കെ.വൈ.സി പദ്ധതി യിൽ ലഭിക്കുന്ന വിവരങ്ങൾ രഹസ്യമായിരിക്കും അതു മറ്റു രീതിയിൽ ഉപയോഗപ്പെടുത്തുന്നത് ഇടപാടുകാരുമായുള്ള വിശ്വാസ്യതയേയും രഹസ്യത്തേയും തകർക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ വളരെ കർശനമായി ഇടപാടുകാരനോടുള്ള ഉത്തരവാദിത്തം നിർവ്വഹിക്കാൻ നാഗരിക സഹകരണ ബാങ്കുകൾ ശാഖകൾക്ക് നിർദ്ദേശം നൽകണം.

3. കെ.വൈ.സി. ആവശ്യങ്ങൾക്കല്ലാതെ ഇടപാടുകാരിൽ നിന്ന് എന്തെങ്കിലും വിവരം ശേഖരിക്കണമെന്ന് ബാങ്കിനു താല്പര്യമുള്ളപക്ഷം, അത് അക്കൗണ്ടുതുറക്കുന്നതിനുള്ള ഫോറത്തിന്റെ ഭാഗമാകരുത്. ആ വിവരങ്ങൾ പ്രത്യേകമായി ശേഖരിക്കണം, അതു സ്വമേധയാ നൽകുന്ന രീതിയിലായിരിക്കണം. അതിന്റെ ഉദ്ദേശം ഇടപാടുകാരനെ ബോധ്യപ്പെടുത്തേണ്ടതും, അവ ഏതെല്ലാം കാര്യങ്ങൾക്കുപയോഗിക്കാമെന്നുള്ളതിന് വ്യക്തമായ സമ്മതവും വേണം.

4. ഇപ്പോൾ ബാങ്കുകൾ തുടരുന്ന സമ്പ്രദായം അവരുടെ ബോർഡോ, ഭരണ ാധികാരിയോ പരിശോധിച്ചശേഷം, അതു പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ശാഖകൾക്ക് നൽകണം.

5. കത്തു കിട്ടിയ വിവരം ഞങ്ങളുടെ പ്രാദേശിക ഓഫീസുകളിൽ അറിയിക്കുക.

വിശ്വസ്തതയോടെ

**എസ്. കറുപ്പസാമി**

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്